"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല - തിരുവമ്പാടി ഗ്രാമപഞ്ചായത്ത് - കുടിവെള്ള വിതരണത്തിന് അധികമായി ചെലവായ തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്. എം.) വകുപ്പ്**

സ.ഉ.(സാധാ). നം.1683/2022/LSGD     തീയതി,തിരുവനന്തപുരം, 15-07-2022

---

പരാമർശം:- 1. 08/04/2022 തീയതിയിലെ പഞ്ചായത്ത് ഡയറക്ടറുടെ PAN/849/2022-G1(DP) നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ വാർഡ് 9 മറിയപ്പുറം, വാർഡ് 13 അമ്പലപ്പാറ പ്രദേശങ്ങളിലെ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കോളനികളിൽ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ തകരാർ കാരണം കുടിവെള്ളം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് സ്റ്റിയറിംഗ് കമ്മറ്റി കൂടി പൈപ്പ് ലൈൻ റിപ്പയർ പൂർത്തീകരിക്കുന്നതുവരെ പരമാവധി 10 ദിവസ കാലത്തേയ്ക്ക് ഒന്നിടവിട്ട ദിവസങ്ങളിലായി ടാങ്കർലോറി വഴി കുടിവെള്ള വിതരണം ചെയ്യുന്നതിനും അടിയന്തിര സാഹചര്യം പരിഗണിച്ച് മുൻകരാറുകാരനുമായി കൂടിയാലോചിച്ച് മുമ്പത്തെ പ്രവൃത്തിയുടെ കരാർ നിരക്കിനേക്കാൾ കൂടാത്ത നിരക്കിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് തീരുമാനിക്കുകയുമുണ്ടായെന്നും ഈ വകയിൽ കുടിവെള്ളം വിതരണം ചെയ്ത കരാറുകാരന് നല്കേണ്ടതായ 81,840 രൂപ അനുവദിക്കുന്നതിനുള്ള അനുമതി നല്കണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) കത്ത് പ്രകാരം സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവമ്പാടി ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി കോളനിയിൽ കുടിവെള്ള പൈപ്പ് ലൈൻ തകരാർ കാരണം കുടിവെള്ളം ലഭ്യമല്ലാതിരുന്ന 07-10-20 മുതൽ 25-10-20 വരെയുള്ള കാലയളവിൽ ടാങ്കർ ലോറിയിൽ കുടിവെള്ളം വിതരണം ചെയ്ത വകയിൽ കരാറുകാരന് അനുവദിക്കുവാനുള്ള 81,840/- രൂപ(എമ്പത്തൊന്നായിരത്തി എണ്ണൂറ്റി നാല്പത് രൂപ മാത്രം) തനത് ഫണ്ടിൽ നിന്നും ചെലവാക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G.R
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡന്റ് / സെക്രട്ടറി, തിരുവമ്പാടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ&ഇ/എൽ.ബി.എ.&എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shemim Khan S H
Date: 16-07-2022 11:15:17
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. മുഖ്യമന്ത്രിയുടെ പി.എസ്സിന്.
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എ